കൊല്ലം ജില്ലയിലെ കാരുണ്യ ഫാർമസി

29 (4312) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ എവിടെയെല്ലാമാണ് കാരുണ്യ ഫാർമസി ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിൽ ഓരോയിടത്തേയും വരുമാനം എത്ര വീതമാണെന്ന് അറിയിക്കാമോ?

ഉത്തരം

കൊല്ലം ജില്ലയിൽ നിലവിൽ മൂന്ന് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്. കൊല്ലം വിക്ടോറിയ ആശുപത്രി, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി, കൊട്ടാരക്കര താലൂക്ക് ആശുപത്രി എന്നിവയാണവ. ഇവിടുത്തെ പ്രതിമാസ വരുമാനം യഥാക്രമം 22,00,000 രൂപ, 3,00,000 രൂപ, 19,00,000 രൂപ എന്നിങ്ങനെയാണ്.

ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ വിഭാഗത്തിലെ ദിവസ വേതന ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിക്കൽ

30 (4313) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. (പി) നമ്പർ 466/14/ഫിൻ. തീയതി 28-10-2014 പ്രകാരം വിവിധ വകുപ്പുകളിലെ ദിവസ വേതനക്കാരുടെ വേതനം പുതുക്കി നിശ്ചയിച്ചപ്പോൾ ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ ജീവനക്കാരുടെ വേതനം പുതുക്കിയതിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

ജില്ലാ മാനസികാരോഗ്യ നയം

31 (4314) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലാ മാനസികാരോഗ്യ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാനസിക വെല്ലുവിളി നേരിടുന്നവരെ ചികിത്സിക്കുന്നതിനും പാർപ്പിക്കുന്നതിനും എന്തെങ്കിലും സംവിധാനങ്ങൾ ജില്ലകളിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽ ഒരു സർക്കാർ മനോരോഗാശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി 1999-ൽ കേരള സംസ്ഥാന മാനസികാരോഗ്യ നയം രൂപീകരിക്കുകയും സ.ഉ. (അച്ചടി) 92/2000 ആ.ക.വ. തീയതി 13-4-2000 പ്രകാരം ഇത് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സ.ഉ. (അച്ചടി) നം. 206/2013/ആ.ക.വ. തീയതി 28-5-2013 പ്രകാരം ഈ മാനസികാരോഗ്യനയം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ആരോഗ്യ വകുപ്പ് സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ എല്ലാ ജില്ലകളിലും രണ്ടു വീതം പകൽ വീടുകൾ (സ്ത്രീകൾക്കും പുരുഷന്മാർക്കും ഓരോന്നുവീതം) ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള 16 പകൽ വീടുകൾ വിവിധ ജില്ലകളിലായി ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ബാക്കി ജില്ലകളിൽ അവ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) മനോരോഗികളെ അവരുടെ സാമൂഹിക ചുറ്റുപാടിൽ വച്ചുതന്നെ ചികിത്സിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. അതിനാൽ പുതുതായി മനോരോഗാശുപത്രികൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. ജില്ലാ ആശുപത്രികളിലെ മാനസികാരോഗ്യ വിഭാഗത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മനോരോഗ ചികിത്സാ വിദഗ്ധരുടെ ലഭ്യത അനുസരിച്ച് താലൂക്ക് ആശുപത്രികളിൽ മാനസികരോഗ ചികിത്സ ലഭ്യമാക്കുക, ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുക എന്നിവയ്ക്കാണ് സർക്കാർ പ്രാധാന്യം നൽകുന്നത്.

ഫിസിയോ തെറാപ്പിസ്റ്റ്

32 (4315) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ ഫിസിയോ തെറാപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും ആളിനെ നിയമിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly